**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2714** **22-01-2021 - ൽ മറുപടിയ്ക്ക്**

**അലിമുക്ക് - അച്ചൻകോവിൽ റോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ബി. ഗണേഷ് കുമാർ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന അലിമുക്ക്- അച്ചൻകോവിൽ റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണം അന്യായമായി വൈകുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 2 0 1 9 ജനുവരി മാസം അലിമുക്ക് - അലിമുക്ക്- അച്ചൻകോവിൽ റോഡ് അച്ചൻകോവിൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണം പ്രവൃത്തി ആരംഭിച്ചപ്പോൾ ടി റോഡിലെ തുറ പ്രദേശത്തെ പാലമാണ് ആദ്യം നിർമ്മിച്ചത്. ഈ സമയത്ത് തന്നെ ടി റോഡിലെ കലുങ്കുകളുടെയും സംരക്ഷണ ഭിത്തികളുടെയും ഓടകളുടെയും ജോലികൾ സമാന്തരമായി ചെയ്തു വരികയായിരുന്നു. എന്നാൽ, 2019 ൽ ഉണ്ടായ ശക്തമായ കാലവർഷംമൂലവും പ്രളയംമൂലവും ജോലികൾ തടസ്സപ്പെട്ടു. റോഡിന്റെ കോൺക്രീറ്റ് ജോലികൾ ഗതാഗതം തടസ്സപ്പെടുത്തി ചെയ്തുവരുമ്പോൾതന്നെ അച്ചൻ കോവിൽ അമ്പലത്തിലെ ഉത്സവം പ്രമാണിച്ച് കടുത്ത ഗതാഗത കുരുക്ക് ഉണ്ടായ പശ്ചാത്തലത്തിൽ പ്രദേശ വാസികളുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും ദേവസ്വം പ്രതിനിധികളുടെയും അഭ്യർത്ഥന മാനിച്ച് ജോലികൾ നിർത്തിവെയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. 2020-ൽ ഉണ്ടായ കോവിഡ് 19 മഹാമാരി കാരണം ഉണ്ടായ ലോക്ഡൗൺമൂലം തൊഴിലാളികളെ ലഭിക്കാത്തതിനാലും റോഡിന്റെ നിർമ്മാണ പ്രവർത്തികൾ നിന്നുപോകാൻ കാരണമായിട്ടുണ്ട്. എന്നിരുന്നാലും, റോഡിന്റെ സബ് ബേസ് ചെയ്യുന്ന ജി.എസ്സ്.ബി, ഡബ്ല്യു എം.എം ലാഗിംഗ് പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. റോഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തികൾ പൂർണ്ണമായും കഴിഞ്ഞു. കലുങ്ക് നിർമ്മാണവും ഓടയുടെ നിർമ്മാണവും പൂർണമായും പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ടാറിംഗ് ജോലികളാണ് ബാക്കിയുള്ളത്. ഇടവിട്ട് പെയ്യുന്ന മഴ മാറിയാലുടൻ ടാറിംഗ് ആരംഭിക്കുകയും പ്രവർത്തികൾ പൂർത്തീകരിച്ച് റോഡ് സഞ്ചാര യോഗ്യമാക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സതേൺ സർക്കിളിലോ, കോന്നി, അച്ചൻ കോവിൽ, പുനലൂർ ഡിവിഷനുകളിലോ, ടി നിർമ്മാണ പ്രവൃത്തിയിലെ അപകാതകൾ സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ല. അലിമുക്ക്-അച്ചൻകോവിൽ റോഡിന്റെ നിർമ്മാണം കൊല്ലം (നിരത്തു വിഭാഗം) പി.ഡബ്ല്യൂഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടി റോഡിന്റെ നിർമ്മാണ സമയത്ത് ഉണ്ടായ പരാതികൾ ആ സമയത്ത് തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിഹരിക്കുകയും നിർമ്മാണ പ്രവർത്തികൾ കൃത്യമായി നടന്നു വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. |
| (സി) | കോട്ടക്കയം- കുട്ടുമുക്ക് ഭാഗത്തെ മെറ്റലിംഗ് പ്രവൃത്തി പൂർത്തിയായോ എന്നും എന്നാണ് പൂർത്തിയായത് എന്നും വ്യക്തമാക്കുമോ; | (സി) | പുനലൂർ ഡിവിഷനിലെ റെയിഞ്ചിലെ മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട കോട്ടക്കകം-കുട്ടുമുക്ക് ഭാഗത്തെ മെറ്റലിംഗ് പ്രവൃത്തികൾ നടന്നു വരുകയാണ്. |
| (ഡി) | മെറ്റലിംഗ് യഥാവിധി നടത്തി ഉറപ്പിക്കാതിരിക്കുകയും മെറ്റലിംഗിന് ശേഷം അനേകം മാസങ്ങൾ പിന്നിട്ടിട്ടും ടാറിംഗ് പ്രവൃത്തി ആരംഭിക്കാതിരിക്കുകയും ചെയ്യുന്നത് നിമിത്തം പ്രസ്തുത റോഡിലൂടെ യാത്ര ചെയ്യുന്ന ചെരിപ്പിട്ടകാവ്, ചെമ്പനരുവി, അച്ചൻകോവിൽ നിവാസികളായ ആയിരക്കണക്കിന് ജനങ്ങൾ അനുഭവിക്കുന്ന അതികഠിനമായ ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആദ്യഘട്ട മെറ്റലിംഗ് പൂർത്തീകരിച്ച സമയത്ത് ഉണ്ടായ മഴയും കോവിഡ്-19 കാരണം ജോലികൾ നിർത്തിവെച്ച സാഹചര്യത്തിൽ പ്രദേശ വാസികൾക്ക് ഉണ്ടായ ബുദ്ധിമുട്ടും അപ്പോൾതന്നെ പരിഹരിച്ചിട്ടുള്ളതാണ്. എങ്കിലും അച്ചൻ കോവിൽ നിവാസികൾക്കും ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കും കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ റോഡ് സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നു. |
| (ഇ) | കൊവിഡ് വ്യാപനം മൂലം അച്ചൻകോവിൽ-ചെങ്കോട്ട റോഡിൽ കോട്ടവാസൽ ചെക്ക്പോസ്റ്റ് വഴിയുള്ള ഗതാഗതം തടഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ അച്ചൻകോവിൽ നിവാസികളായ ആദിവാസികൾ അടക്കമുള്ള സാധാരണക്കാർക്ക് ചികിത്സ ഉൾപ്പെടെയുള്ള അത്യാവശ്യങ്ങൾക്ക് പുറം ലോകവുമായി ബന്ധപ്പെടുവാനുള്ള ഏക സഞ്ചാരമാർഗ്ഗമായ അലിമുക്ക്- അച്ചൻകോവിൽ റോഡ് അടിയന്തരമായി ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | അലിമുക്ക്-അച്ചൻകോവിൽ റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ